## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 135 28.01.2019 ൽ മറുപടിക്ക്

### എസ്.ബി.ഐ ട്രഷറി ബ്രാഞ്ചിലെ അക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തു നടന്ന ദ്വിദിന പൊതു പണിമുടക്കിന്റെ രണ്ടാം ദിനത്തിൽ സെക്രട്ടേറിയറ്റിനു സമീപമുള്ള എസ്.ബി.ഐ ട്രഷറി ബ്രാഞ്ചിലെ മാനേജരുടെ ക്യാബിൻ തല്ലിത്തകർത്ത് കമ്പ്യൂട്ടറിനും മറ്റും നാശനഷ്ടം വരുത്തിയ സംഭവത്തിൽ ഇതിനോടകം എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.48/2019 u/s 143,147,149,447,294(b),506(i) IPC & Sec.3(i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടർന്ന് വരുന്നു. പ്രസ്തുത കേസിലെ പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്. |
| (ബി) ഇത്തരത്തിൽ പൊതുമുതൽ നശിപ്പിച്ചവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും അവർ ഏതു സംഘടനയിൽപെട്ടവരാണെന്നും വെളിപ്പെടുത്തുമോ; | (ബി) കണ്ടെത്തിയിട്ടുണ്ട്. ഇവർ സംയുക്ത സമര സമിതിയിൽപ്പെട്ട സർക്കാർ ജീവനക്കാരാണ്. |
| (സി) എന്തു തുകയുടെ നാശനഷ്ടമാണ് വരുത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) പ്രസ്തുത അക്രമത്തിൽ 1,50,000 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) ഇവർക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.48/2019 u/s 143,147,149,447,294(b),506(i) IPC & Sec.3(i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) ഇവർ സർക്കാർ ജീവനക്കാർ ആണെങ്കിൽ അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) ഇവർ സർക്കാർ ജീവനക്കാരാണ്. ഇവരെ വകുപ്പുതല നടപടികളുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ